നമ്പർ : KITE/2022/1562 (16) തീയതി : 25.03.2022

## സർക്കുലർ

**വിഷയം :- കൈറ്റ് – ലിറ്റിൽ കൈറ്റ്സ് – 2021-22 അധ്യയനവർഷത്തെ അവധിക്കാല പ്രവർത്തനങ്ങൾ സംബന്ധിച്ച്**

സൂചന :- സ.ഉ (സാധാ) നം.36/ 2018/ പൊ.വി. തീയതി 20.01.2018.

സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ പ്രവർത്തിച്ചു വരുന്ന ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബുകളുടെ 2021-22 അധ്യയന വർഷത്തെ പ്രവർത്തനങ്ങൾ കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ഈ അധ്യയന വർഷത്തിൽ പൂർത്തീകരിക്കേണ്ട 2020-23 ബാച്ചിന്റെ (നിലവിലെ ഒമ്പതാം ക്ലാസ് അംഗങ്ങൾ) അവശേഷിക്കുന്ന ദൈനം ദിന ക്ലാസുകൾ, ക്യാമ്പുകൾ, 2019-22 ബാച്ചിന്റെ (നിലവിലെ പത്താം ക്ലാസ് അംഗങ്ങൾ) മൂല്യനിർണയം, ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ രണ്ടാം നൂറ് ദിന കർമ പരിപാടിയിൽ ഉൾപ്പെട്ട ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ വഴി അമ്മമാർക്ക് നൽകുന്ന സൈബർ സുരക്ഷ സംബന്ധിച്ച പരിശീലനം എന്നീ പ്രവർത്തനങ്ങൾ 2022 ഏപ്രിൽ - മെയ് മാസങ്ങളിൽ നടത്താൻ തീരുമാനിച്ചിരിക്കുന്നു. പരിപാടികളുടെ നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സൈബർ സുരക്ഷ സംബന്ധിച്ച അമ്മമാർക്കുള്ള പരിശീലനം മെയ് ആദ്യവാരത്തിലും ഉപജില്ലാക്യാമ്പുകൾ, 2019-22 ബാച്ചിന്റെ മൂല്യനിർണയം എന്നിവ മെയ് രണ്ടാം വാരത്തിലും നടത്തുന്നതായിരിക്കും. തീയതികൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

2. പ്രവർത്തനങ്ങൾ അവധിക്കാലത്തായതിനാൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് അറിയിപ്പ് നൽകുന്നതിനാവശ്യമായ ഫോൺ നമ്പർ, വിലാസം തുടങ്ങിയവ കൈറ്റ് മാസ്റ്റർമാർ മുൻകൂട്ടി ശേഖരിച്ച് വക്കേണ്ടതാണ്.

3. ഓരോ യൂണിറ്റും ഏറ്റവും കുറഞ്ഞത് 150 അമ്മമാർക്ക് സൈബർ സുരക്ഷയിൽ പരിശീലനം നൽകേണ്ടതാണ്.

4. സ്വന്തം വിദ്യാലയത്തിലേതും തൊട്ടടുത്ത വിദ്യാലയങ്ങളിലേയും അമ്മമാരെ പരിശീലനത്തിനായി ക്ഷണിക്കാവുന്നതാണ്. ഇതിനാവശ്യമായ വിലാസങ്ങൾ, ഫോൺ നമ്പരുകൾ എന്നിവ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ നേതൃത്വത്തിൽ ശേഖരിക്കേണ്ടതാണ്.

5. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും, കൈറ്റ് മാസ്റ്റർ/ മിസ്ട്രസ്മാർക്കും ഇതിനാവശ്യമായ പരിശീലനം ഏപ്രിൽ മാസത്തിൽ കൈറ്റ് നൽകുന്നതാണ്.

6. പരിശീലനത്തിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങളിലും പരിശീലനത്തിലും പങ്കെടുക്കുന്ന അംഗങ്ങൾക് ഗ്രേഡിംഗിന് കണക്കാക്കുന്ന പ്രത്യേക സ്കോർ നൽകുന്നതാണ്.

7. 2020-23 ബാച്ചിന്റെ അവശേഷിക്കുന്ന ദൈനംദിന ക്ലാസുകൾ. ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ എന്നീ പ്രവർത്തനങ്ങൾ ഏപ്രിൽ-മെയ് മാസങ്ങളിൽ പരീക്ഷകളെ ബാധിക്കാത്ത തരത്തിൽ പൂർത്തീകരിക്കേണ്ടതാണ്.

8. അവധിക്കാല പ്രവർത്തനങ്ങൾ കൈറ്റ് നിർദ്ദേശിക്കുന്ന തീയതികളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് പ്രഥമാധ്യാപകർ ഉറപ്പ് വരുത്തേണ്ടതാണ്.

9. കൈറ്റ് ജില്ല കോ-ഓർഡിനേറ്റർമാർ ജില്ലയിലെ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ ഓഫീസർമാരുമായി ആലോചിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട ക്രമീകരണം ഒരുക്കേണ്ടതാണ്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും
(ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - (ആമുഖ കത്ത് സഹിതം)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
അക്കാദമിക്, അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
എല്ലാ ഡി.സി., എം.ടി.സി., എം.ടി.മാർക്കും
സ്റ്റോക്ക് ഫയൽ